

# ഇമോജി

## ഡിജിറ്റൽ മാഗസിൻ

ജി വി എച്ച് എസ് എസ് കൊറ്റൻകുളങ്ങര

# ആശംസ



കൊററൻകുളങ്ങര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾ 'ലിററിൽ കൈററ്സ്''ക്ലബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ഡിജിററൽ മാഗസിൻ സാങ്കേതികവിദ്യയുടെ വിവിധ വശങ്ങളെ കുറിച്ചും സർഗ്ഗാത്മകത വളർത്തുന്നതിനുതകുന്ന വേറിട്ട ചിന്തകൾ,ആശയങ്ങൾ,പ്രവർത്തനങ്ങൾ എന്നിവയാലും സമ്പന്നമാകട്ടെ,എല്ലാവിധ ആശംസകളും.....

**പ്രിൻസിപ്പാൾ**

**ശ്രീ. ഹ്യൂബർട്ട് ആന്റണി**

# ആശംസ



വിവരവിനിമയ സാങ്കേതിക വിദ്യയിലൂടെ പുതു തലമുറയുടെ ഗുണപരവും സർഗ്ഗാത്മകവുമായ കഴിവുകൾ രൂപപ്പെടുത്തിയെടുക്കുന്ന ഒരു ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.നമ്മുടെ സ്കൂളിലെ 2019-20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങളുടെ അത്തരമൊരു ശ്രമത്തിന്റെ ഫലമായി ഉണ്ടായ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.നൂതന സാങ്കേതികവിദ്യയിലൂടെ കുട്ടികളുടേയും അധ്യാപകരുടേയും കഴിവുകൾ ഉയരങ്ങളിലെത്തട്ടെ എന്ന് ആശംസിക്കുന്നു.....

**ഹെഡ് മിസ്ട്രസ്**

**മിനി.സി**

# മുഖമൊഴി

ഇത് വിവരവിനിമയസാങ്കേതികവിദ്യയുടെ കാലം.....

വിരൽത്തുമ്പിൽ അറിവാകാശത്തിന്റെ ജാലകത്തിരശ്ശീലകൾ

ഞൊറിഞ്ഞുമാറുന്ന പുത്തൻകാലം.

പുതുവിജ്ഞാനത്തിനു കൂട്ടായി വിദ്യാഭ്യാസവകുപ്പിന്റെ ലിറ്റിൽ

കൈററ്സും.

അറിവിന്റെ ചക്രവാളങ്ങളിലേക്കു കുഞ്ഞുപട്ടങ്ങൾ പറത്തി

കുട്ടിക്കൂട്ടം ഉത്സാഹത്തിമിർപ്പിലാണ്.

സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ

"ഇമോജി "വായനാലോകത്തിനു മുന്നിൽ സവിനയം

സമർപ്പിക്കുകയാണ്.

കുഞ്ഞുമുഖങ്ങളിൽ വിചാരവികാരങ്ങൾ ആവിഷ്കരിക്കുന്ന ഇമോജി

പോലെ ഈ ഇമോജിയിലെ ഏടുകളും

കുഞ്ഞുമനസ്സുകളുടെ

ചിന്തകളാണ്, വികാരങ്ങളാണ്

ഹൃദയപൂർവം സ്വീകരിക്കുമെന്ന പ്രതീക്ഷ പങ്കുവെച്ചുകൊണ്ടു

സ്നേഹാദരങ്ങളോടെ

പത്രാധിപസമിതി

ഇമോജി ഡിജിറ്റൽ മാഗസിൻ

# പത്രാധിപസമിതി

മിനി സി (പ്രഥമാധ്യാപിക )

സജീവ് കുമാർ കെ. എൽ (സീനിയർ അസിസ്റ്റന്റ്)

ആർ ബി ശൈലേഷ് കുമാർ (മലയാള വിഭാഗം അധ്യാപകൻ)

നടരാജൻ കെ (മലയാള വിഭാഗം അധ്യാപകൻ)

ടി പി മാത്യൂ (മലയാള വിഭാഗം അധ്യാപകൻ )

അൻസർ എ (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ )

ജ്യോതിലക്ഷ്മി വി (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് )

മീര ജെ ആർ (സ്റ്റുഡന്റ് എഡിറ്റർ)

ആദിത്യ ആർ (ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ലീഡർ )

നീരജ് ബി(ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഡെപ്യൂട്ടി ലീഡർ )

# താളുകളിലൂടെ.....

ലക്കോട്ടിലെ രഹസ്യം(ആസ്വാദനക്കുറിപ്പ്).........................7
മഴമരം(കവിത )..........................................................10
ഇനിയും തീരാത്ത നോവുകൾ(കഥ)...................................11
മരണത്തിന്റെ നിറം(കവിത)...........................................15
എൻ ജീവനാം കേരളം(കവിത)........................................16
അതിജീവനം(ലേഖനം)..................................................17
കായംകുളം കൊച്ചുണ്ണി (വായനകുറിപ്പ്)..............................18
ഹൃദയഭൂമി കലാപഭൂമി(കവിത )........................................20
മഴ(കവിത )...............................................................21
അറിവിന്റെ ചെറുതുള്ളി(വൈജ്ഞാനികം)..........................23
കലാലയവർണങ്ങൾ(കവിത )..........................................25
അമ്മ (കഥ)...............................................................26
മരണവും മരണതുല്യമായ ജീവിതവും(കഥ).........................30
എന്റെ ഓർമ്മയിലെ ഓണം(കവിത)...................................35
മലയാളി വനിതകളിൽ ആദ്യം(ക്വിസ്)..............................37
കരിമണലിന്റെ നാട്ടിൽ(ലേഖനം)...................................38

# ആസ്വാദനക്കുറിപ്പ്



## മൂലകഥ-കുട നന്നാക്കുന്ന ചോയി

## കർത്താവ്-എം മുകുന്ദൻ

അഭിനവ് ജെ[1]

പത്ത് ബി




## ലക്കോട്ടിലെ രഹസ്യം

സ്വന്തമായ ആഖ്യാന രീതികൊണ്ട് മലയാള സാഹിത്യത്തിൽ തന്റേതായൊരു സ്ഥാനം സ്ഥാപിച്ചെടുത്തൊരു സാഹിത്യകാരനാണ് മയ്യഴിപ്പുഴയുടെ കഥാകാരനായ എം മുകുന്ദൻ.നാട്ടുഭാഷയുടെ തനതു രുചിയും തന്റേടവും ഉള്ള കഥ.മയ്യഴിയുടെ പാശ്ചാത്തലത്തിൽ മുകുന്ദൻ എഴുതിയ മറ്റൊരു ഇതിഹാസം.ചോയി മാധവനെ ഏൽപ്പിക്കുന്ന ലാക്കോട്ടും അതിനെ ചുറ്റിപ്പറ്റിയുണ്ടാകുന്ന സംഭവവികാസങ്ങളുമാണ് കഥയെ വിജയത്തിലേക്കെത്തിക്കുന്നത്.

ഫ്രഞ്ചുകാർ മയ്യഴി വിട്ടുപോകുന്ന കാലം മുതലാണ് നോവലിലെ കഥ ആരംഭിക്കുന്നത്.മയ്യഴിയിൽ ഏറ്റവും നന്നായി കുട നന്നാക്കുന്നതു ചോയിയാണ്.എന്നാൽ കുട നന്നാക്കിക്കിട്ടുന്ന വരുമാനത്തിൽ നിന്ന് ചോയിക്കും നാലംഗങ്ങൾ അടങ്ങുന്ന ആ കുടുംബത്തിനും ജീവിക്കാൻ കഴിയുന്നില്ല.ഈ സാഹചര്യമാണ് ചോയിയെ ഫ്രഞ്ച് പട്ടാളത്തിൽ

1 വിദ്യാരംഗം കലാസാഹിത്യ വേദി സംസ്ഥാനതല ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി

ചേരാൻ ഇടയാക്കുന്നത്.ഫ്രാൻസിലേക്ക് കപ്പൽ കയറുന്നതിനു മുൻപ് കുടപ്പണിക്കാരനായ ചോയി അച്ചൂട്ടിയുടെ മകനായ മാധവന്റെ കയ്യിൽ ഒരു ചകലാസ് ഏൽപ്പിക്കുന്നു.

"ആരെയും കാണിക്കരുത്.ആര് ചോദിച്ചാലും കൊടുക്കരുത്.നാല്ലോണം സൂക്ഷിച്ചുവെച്ചോണം."

ഇത്രയും പറഞ്ഞുകൊണ്ടാണ് ചോയി ലക്കോട്ട് ഏൽപ്പിക്കുന്നത്.എന്നാൽ ചോയി മാധവനെ ഏൽപ്പിച്ച ലക്കോട്ടിന്റെ വിവരം അറിഞ്ഞ നാട്ടുകാർ അതിൽ എന്താണെന്നറിയാൻ തിടുക്കം കാണിക്കുന്നു.എന്നാൽ ചോയിക്കു കൊടുത്ത വാക്കിന്റെ പേരിൽ ലക്കോട്ടിനെ രഹസ്യമായി ഒളിപ്പിച്ചു വക്കുകയാണ് മാധവൻ.ലക്കോട്ടിൽ എന്താണെന്നറിയാൻ പലരും പല രീതിയിൽ മാധവനെ സമീപിക്കുന്നു.ലക്കോട്ടിലെന്താണെന്നറിയേണ്ടത് ആ നാട്ടിലെ മുഴുവൻ പ്രശ്നമായി മാറുന്നു.

"ഈങ്കിലാബ് സിന്ദാബാദ്,ലക്കോട്ടിൽ എന്താണ്? " എന്നൊക്കെ നാട്ടുകാർ ഒന്നാകേ മുദ്രാവാക്യം ഉയർത്തി വഴിയിലൂടെ ജാഥയായി പുറത്തു വരുന്നു.കാപ്പിക്കാരൻ കേളുവും കേളൻ മേസ്തിരിയും കുഞ്ഞിക്കുട്ടി സാറാപ്പും മുച്ചിറിയൻ കോരനും ന്യൂറുകുമാരനും പത്രാസുകാരൻ പത്രോസും മാധവി അമ്മായിയും എല്ലാവരും ഇതിൽ പെടുന്നു.ഒരു ദിവസം ചോയിയുടെ കത്ത് മാധവന്റെ പക്കൽ എത്തുന്നു.

"ഞാൻ മരിച്ച ശേഷമേ നീ ആ ലക്കോട്ട് തുറക്കാവൂ.. "എന്നാണ് അതിലെ ഉള്ളടക്കം.അപ്പോഴും നാട്ടുകാരിൽ നിന്ന് ലക്കോട്ട് ഒളിപ്പിച്ചു വക്കാൻ മാധവൻ പാടുപെട്ടുകൊണ്ടിരുന്നു.

അങ്ങനെ ഒരു ദിവസം ഗ്രാമത്തെ നടുക്കി ചോയിയുടെ മരണവാർത്ത എത്തി.ചോയിയുടെ മരണത്തിലൂടെ ലക്കോട്ടിൽ എന്തെന്നറിയാൻ അവർ തിടുക്കം കാണിക്കുന്നു.ലക്കോട്ടിൽ അടങ്ങിയ സന്ദേശം മരിച്ച ശേഷം ചോയിയെ കാവിയിൽ പൊതിഞ്ഞ് അടക്കം ചെയ്യണമെന്നാണ്.ഇത് ഇന്ത്യയുടെ രാഷ്ട്രീയ അവസ്ഥയെ സൂചിപ്പിക്കുന്നു.മൂവർണ്ണത്തിൽ നിന്ന് കാവിയിലേക്കുള്ള മാറ്റമാണ് ഇവിടെ മുകുന്ദൻ വ്യക്തമാക്കുന്നത്.

നോവലിൽ ഉടനീളം ചോയി മാധവനെ ഏൽപ്പിച്ച ലക്കോട്ടു ഒരു ആകാംക്ഷയുടെ കേന്ദ്രമായി മാറുന്നു.മറ്റുള്ളവരെപോലെ തന്നെ ലാക്കോട്ടും ഈ കഥയിലെ ഒരു കഥാപാത്രമായി മാറുന്നതായാണ് മുകുന്ദൻ ആവിഷ്കരിക്കുന്നത്. ലക്കോട്ടൊരു നാട്ടിലുണ്ടാകുന്ന മാറ്റമാണ് കഥയെ മുന്നോട്ടു കൊണ്ടുപോകുന്നത്.പോയകാലത്തിൽ  നിന്നും ഇന്നത്തെ അസഹിഷ്ണുതയുടെ നവകാലവുമായി താരതമ്യം ചെയ്തുകൊണ്ടാണ് നോവൽ അവസാനിക്കുന്നത്.ആ കാലത്തു വടക്കൻ കേരളത്തിൽ പ്രചാരത്തിലുള്ള നാട്ടുഭാഷയാണ് നോവലിൽ ചോയി ഉപയോഗിച്ചിരിക്കുന്നത്....



# മഴമരം

മഴമരത്തിന്റെ   ശീതളച്ഛായയിൽ
മനസ്സിതൊന്നായി ചേർന്നങ്ങിരുന്നവർ
വിടപറഞ്ഞുപോം കാലത്തിനിമ്പങ്ങൾ
നുകരുവാൻ ദൂരെനിന്നൊത്തുചേർന്നവർ

മീര ജെ ആർ
ഒമ്പത് ഡി

മധുരസൗഹൃദം ത,ന്നീണമേകുവാൻ
മധുരനാളിൽ വെളിച്ചങ്ങളായവർ
കഠിനമുരുളുമീകാലചക്രങ്ങളിൽ
ഇടറിവീഴാത്തകാതലായ് തീർന്നവർ



ഇരുകരങ്ങളും കോർത്തീമരച്ചോട്ടിൽ
ഝടിതിയെത്തിടും നക്ഷത്രദീപ്തങ്ങൾ
പോയകാലം തളിർത്തിടുംചില്ലകൾ
ഓർമ്മതൻ മഞ്ഞുപെയ്യുന്ന പിന്നെയും



മഴമരത്തിന്റെ തെന്നൽതണുപ്പുകൾ
മതിമറന്നിടും സൗഹൃദചില്ലകൾ
കൂട്ടുവിട്ടിന്നുപാറിടും പക്ഷിപോൽ
നാലുദിക്കിലായ് പിന്നെയും സൗഹൃദം

എങ്കിലും സാന്ദ്രസൗഹൃദം പിന്നെയും
നെഞ്ചിനുള്ളിൽ നിറച്ചിട്ടുന്നീണങ്ങൾ ഓർക്കുവാനായ്
മനസ്സിന്റെ ചില്ലകൾ

ഓർമ്മ  ചിന്നിത്തെറിക്കുന്ന മുത്തുകൾ

മഴമരത്തിന്റെ ചില്ലയിൽ പിന്നെയും
സ്മൃതികൾ മൂളുന്ന മൗനമായ് രാഗങ്ങൾ

# ഇനിയും തീരാത്ത നോവുകൾ[2]



ആര്യ എസ്

പച്ചശരീരത്തിൽ കയറിയിറങ്ങുന്ന തീവണ്ടിചക്രങ്ങൾ. നോവിന്റെയും ദാരിദ്ര്യത്തിന്റെയും വിളികൾ എങ്ങും. വൃത്തിഹീനമായ വഴികൾ കാത്തുനിന്നു. തിരക്കുകളുടെ ഓട്ടത്തെ വിളിച്ചുകൊണ്ട് മനുഷ്യജീവിതം.



ഓടിമറയുന്ന ഈ ജീവിതത്തിൽ താളംതെറ്റിയ ഒരു പെൺകുട്ടി. തീവണ്ടിപാളത്തിൽ ഈച്ചയരിക്കുന്ന മൃതശരീരമാണ് അവൾ അമ്മയെ അവസാനമായി കണ്ട കാഴ്ച. കുറച്ചുനാളുകൾക്കു ശേഷം റോഡ് മുറിച്ചു കടക്കുന്നതിനിടയിൽ അച്ഛൻ ദാരുണമായി മരണപ്പെട്ടു. ചീറിപാഞ്ഞുവന്ന വണ്ടിയുടെ മുൻപിൽ അച്ഛൻ നിസ്സഹായനായി.മനസ്സിൽ നിന്നും മായാത്ത ഓർമ്മകൾ.പുസ്തകത്തിൽ നിന്ന് മനസ്സിൽ പതിച്ചുവീണ ദുഖ:ത്തിന്റെ താളിനെ കീറിക്കളയാം.എന്നാൽ മനസ്സിൽ എഴുതിയതിനെ എങ്ങനെ അകറ്റും.അവളുടെ ദുഖ:വും സന്തോഷവും അവൾ ആരോടും പറഞ്ഞില്ല.ഇതെല്ലാം കേൾക്കുവാൻ ഉണ്ടായിരുന്നവർ തന്നെ ഉപേക്ഷിച്ച് തിരിച്ചുവരാൻ കഴിയാത്ത ലോകത്തിലേക്ക് മടങ്ങി.ഓരോ

2 വിദ്യാരംഗം മാഗസിൻ 2019 ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട കഥ

വീഥിയും അവളുടെ വീടാണ്. അലഞ്ഞുതിരിഞ്ഞുനടക്കുന്ന തെരുവുനായ്ക്കൾ തന്റെ കൂട്ടിന് കാവൽക്കാരായി തോന്നി. മനസ്സിൽ കൂരിരുട്ടിന്റെ ഇരുൾ മാത്രം. അടുത്ത പകലിൽ അല്ലെങ്കിൽ അടുത്ത രാത്രിയിൽ തനിക്കെന്തു സംഭവിക്കുമെന്നറിയില്ല.

ചീകിയൊതുക്കാതെ എണ്ണമയമില്ലാത്ത കാറ്റിൽ പാറിപ്പറക്കുന്ന മുടി നിറം മങ്ങി ജീവനില്ലാതെ കിടക്കുന്ന പോലെ അവളുടെ വസ്ത്രം! ചുണ്ടുകൾ എന്തിനോ കാത്തിരിക്കുന്നു,ഒന്നു മിണ്ടുവാനായി? കരഞ്ഞുകലങ്ങിയ കണ്ണുകളിൽ തന്റെ ജീവിതത്തിന്റെ യാതനകൾ പ്രകാശിക്കുന്നു.

തന്റെ അമ്മ മരണമടഞ്ഞ ആ റെയിൽവേ സ്റ്റേഷനിലെ രണ്ടാം പ്ലാറ്റ്ഫോമിന്റെ തീവണ്ടിപ്പാതയിൽ അഞ്ചുമാസങ്ങൾക്ക് ശേഷം അവൾ വന്നു.റെയിൽവേ സ്റ്റേഷനിലെ ജീവനക്കാർ തന്നെ രൂക്ഷമായി നോക്കി.യാത്രക്കാർ തന്നെ ഓടിച്ചുവിടാൻ നോക്കി.

"നാടോടിപെൺകുട്ടികളാ,വിശ്വസിക്കാൻ കൊള്ളൂല്യ..."അവളെ ആട്ടിപ്പായിക്കുവാൻ ശ്രമിച്ചു.എന്നാൽ അമ്മയുടെ ഓർമ്മകൾ പുതുക്കുന്ന ഇവിടം എങ്ങനെ താൻ ഉപേക്ഷിക്കും? മരണമടഞ്ഞപ്പോൾ അമ്മയെ താൻ കണ്ടു. എന്നാൽ അപകടത്തിൽ മരണപ്പെട്ട അച്ഛനെ മരണത്തിന്റെ വേളയിൽപ്പോലും താൻ കണ്ടില്ല. കുറ്റബോധം അവളിൽ ഉണർന്നു. വേദനകൊണ്ട് നീറുന്ന മനസ്സിൽ തീരാതെ നിൽക്കുന്ന നോവുകൾ. തന്റെ അമ്മ മരിച്ചുവീണ തീവണ്ടിപ്പാളത്തിലൂടെ പാഞ്ഞുവരുന്ന ഒരു തീവണ്ടി. തന്റെ അമ്മയെ ഇനിയും നോവിക്കുന്നു. അവൾ വിതുമ്പി..തെരുവിൻ വീഥിയിലേക്കോടി..കണ്ണിൽ നിന്ന് എണ്ണിത്തീരുവാൻ സാധിക്കാതെ അവൾ മുത്തുകൾ വർഷിച്ചു.

## ഇമോജി

ചൂടേറിയപാതയിൽ ചെരുപ്പില്ലാത്ത കാലുകൾ അമർത്തി വച്ച് അവൾ നടന്നു. വിശപ്പിന്റെ വിളികൾ.....അവൾ നടന്നു തെരുവിൽ ഒരറ്റത്തായി നിന്നിരുന്ന തെരുവ് വിളക്കിൽ ചാരിനിന്നു. ചവറ്റുകുട്ടയിൽ നിന്ന് ലഭിച്ച എന്തിനോ നായ്ക്കൾ അടിപിടിയുണ്ടാക്കുന്നു. അവളുടെ കൈകാലുകൾ മരവിച്ചപോലെ. രാത്രിയുടെ വരവിനായി ആകാശത്ത് നക്ഷത്രങ്ങൾ ഉദിച്ചു. ആകാശത്തുനിന്നു പൊഴിഞ്ഞുവീഴുന്ന പോലെ കുരിരുട്ടുകളെങ്ങും . തണുത്തുലഞ്ഞ കാറ്റ് അവളെ തഴുകി..നോവിന്റെ തിരി ഉരുകുന്ന പോലെ. ആ കാറ്റ് അവളുടെ മനസ്സിന്റെ ദു:ഖങ്ങൾ അകറ്റി. മറന്നു വച്ചതുപോലെ കാർമേഘങ്ങൾ ആഗതമായി. മണ്ണിനു നറുമണം വിരിയിച്ച് മഴയുടെ വേള പിറന്നു. അവൾ ഒരു മാവിന്റെ ചുവട്ടിൽ  മഴ കൊള്ളാതെ നിന്നു. അവിടെ വറുമണം വിരിയിച്ചതുപോലെ മണ്ണിന്റെ സുഗന്ധത്തേയും തോൽപ്പിച്ച മധുരമൂറുന്ന പഴുത്ത മാങ്ങകൾ കായ്ച്ചുനിന്നു. മഴയുടെ താളത്തിന് അൽപ്പശമനം സംഭവിച്ചു. തന്റെ വിശപ്പു കേട്ടിരിക്കാം ആ മാവ്. പഴുത്ത് നിന്നിരുന്ന മാങ്ങ അടർന്നു വീണു. ഇതിന്റെ മധിരം ഈ മണത്തിൽ പ്രതിഫലിക്കുന്നു.അവൾ  മാങ്ങ ഭക്ഷിച്ചു.അവളുടെ വിശപ്പിന് അന്ത്യം കുറിക്കപ്പെട്ടു. അവൾ റെയിൽവേ സ്റ്റേഷനിലേക്കോടി..യാത്രക്കാർക്കു കാത്തിരിക്കുവാനായുള്ള മുറിയിൽ തിക്കും തിരക്കും. അവൾ അമ്മയോടെന്ന പോലെ പറഞ്ഞു.

"ജീവിതത്തിൽ ഒരുപാട് ദുരിതം അനുഭവിച്ചു ഞാൻ...എന്റെ വിശപ്പിന് അന്ത്യം സംഭവിച്ചു അമ്മേ. എനിക്കു മാങ്ങ തിന്നു വയറു നിറഞ്ഞു അമ്മേ. അമ്മയും അച്ഛനും പോയതിൽപ്പിന്നെ ആദ്യമായി വയറു നിറയുന്നത് ഇന്നാണ്.



ഞാൻ പോവുകയാണ് ആരെങ്കിലും കാണുന്നതിന് മുൻപ്". അവൾ പുറത്തെത്തി. എന്നിട്ട്താൻ വിരിക്കുന്ന ടാർപ്പാ വിരിച്ച് അവിടെ ഉണ്ടായിരുന്ന ആൽത്തറയിൽ കിടന്നു. കണ്ണുകൾ ഉറക്കത്തിന് വരവേൽപ്പ് നൽകി. അവൾ നിദ്രയിലേക്ക് തെന്നി നീങ്ങി. ആകാശത്ത് നിലാവ് എത്തി. നിലാവിന്റെ ശോഭ അവളിൽ തിളങ്ങി.

ജീവിതത്തിന്റെ നോവുകൾ ഇന്നും അവളുടെ മനസ്സിൽ ബാക്കിയാണ്. അടുത്ത പകലിനായി കാത്തിരിക്കുന്ന അവളുടെ പ്രതീക്ഷകൾ കുളിർമ്മ പകരാം......

# ശാസ്ത്രരംഗം പ്രതിഭകൾ



# മരണത്തിന്റെ നിറം...

കെ.നടരാജൻ-അധ്യാപകൻ

മരണത്തിനെന്താണ നിറമെന്ന്
നമ്മൾക്ക് പറയുവാൻ
കഴിയുമോ ജീവിതത്തിൽ?
ഇരുളിന്റെ നിറമോ?
വെളിച്ചമാണോ?
ഇരുളും വെളിച്ചവും
ചേർന്നതാണോ?പെരുമഴത്തുള്ളികൾ
തമ്മിലാഞ്ഞുരസവേ
ചിതറിത്തെറിക്കും
പ്രകാശമാണോ?
മുറിവിൽ നിന്നണപൊട്ടി
യൊഴുകുന്ന ചുടുചോര
മിഴിയിൽ പകരുന്ന
വർണ്ണമാണോ?
ഒരു ശരത്ക്കാലമാനം
വിടർത്തുന്ന
പുതുനിലാവണിയും
നിറങ്ങളാണോ?
ചിലനേരമാകാശ
വിരിമാറിലറിയാതെ
മഴവില്ല് ചാർത്തുന്നവർണ്ണമാണോ?........





# എൻ ജീവനാം കേരളം

ഗൗരി മോഹൻ

പത്ത് സി

മാമകനാടിൻെറ മാനസംതീകിയ

മാരുവിൽചേലയായെൻ കേരളം.

താവകശ്രോണിയിൽ താരകമാലയായി



താരാട്ടുപാട്ടായെൻ  കേരളം.

മലരണിക്കാടുകൾ മലർമാലച്ചാർത്തുന്ന

മലർവിരിശാഖയെൻ കേരളം.

തേനും വയമ്പും തേരോട്ടത്തിനെത്തുമ്പോൾ

തേരോട്ടപാട്ടായെൻ കേരളം.

അമ്മയായി അമ്മതൻ

അമ്മിഞ്ഞപാലിന്റെ



മാധുര്യമൂറുമീ കേരളം.

ആർപ്പുവിളിയുമായി ആരയോക്കുട്ടുന്ന

ആർത്തുപെയ്യലായി കേരളം.

ഉറ്റത്തന്നിലായി ഉറ്റസൗഹൃദത്തിൻ

ഉറ്റതോഴനായി കേരളം.

ഊഴിയിൽ ഊറുന്ന ഈടുറ്റ സ്നേഹത്തിൻ

ഈറണി ഗാനമീ കേരളം.

എൻ ജീവനാം കേരളം

# അതിജീവനം





ആഷ്റിൻ ഏയ്ഞ്ചൽ

ഒമ്പത് ഡി

കേരളം അതിജീവനത്തിന്റെ പാതയിലാണ്.വളർച്ചയുടെയും വികസനത്തിന്റെയും ദേശീയ അന്താരാഷ്ട്ര സൂചികകൾ കൊണ്ടളക്കുമ്പോൾ അറുപതാണ്ട് പിന്നിട്ട കേരളം മികച്ചതാകാനും മാതൃകയാകാനും ഒട്ടും പിന്നിലല്ല.എന്നാൽ ഒരു സമൂഹം എന്ന നിലയിൽ നാം പേറുന്ന വിടവുകളും വിള്ളലുകളും അനവധിയാണ്.സമാനതകളില്ലാത്ത ഒരു പ്രളയമാണ് കേരളം അഭിമുഖീകരിച്ചിരിക്കുന്നത്.പ്രകൃതിസംരക്ഷണമാണ് ഏറ്റവും വലിയ വികസനം എന്ന് പറഞ്ഞ മാധവ് ഗാഡ്ഗിലിന്റെ വാക്കുകളെ നിഷ്കരുണം നിരസിച്ച നമുക്ക മുൻപിലാണ് മരടിലെ നാല് ഫ്ലാറ്റുകളും നിലംപൊത്തിയിരിക്കുന്നത്.നവകേരളനിർമ്മാണം എന്നാൽ പഴയ കേരളത്തെ പുതുക്കിപ്പണിയുകയല്ല...ഒരുപുതിയ കേരളം തന്നെ സൃഷ്ടിച്ചെടുക്കുകയാണ്...അതിന് വിദ്യാർത്ഥികൾ എന്ന നിലയിൽ നമുക്ക് വഹിക്കുവാനുള്ളത് വലിയ പങ്കുതന്നെയാണ്..ഒത്തൊരുമയോടെ നിന്നാൽ ഏത് പ്രതിസന്ധിയേയും നമുക്ക് അതിജീവിക്കാം എന്ന മഹത്തായ പാഠമാണ് ഈ പ്രളയം നമ്മെ പഠിപ്പിക്കുന്നത്.....നവകേരളനിർമ്മാണം എന്ന വലിയ യജ്ഞം വിജയത്തിലെത്താൻ ഏവരുടെയും പിൻതുണ നമുക്കാവശ്യമാണ്......

# വായനാക്കുറിപ്പ്

# കായംകുളം കൊച്ചുണ്ണി



കീർത്തന വി പിള്ള
ഏഴ് സി

ഞാൻ വായിച്ച കഥകളിൽ ഏറ്റവും മികച്ച ഒരു കഥയാണ്
ഇത്. ഈ കഥ പുസ്തകമാക്കി-
യത് എ.ബി.വി.കാവിൽപ്പാടാണ്. ഇതൊരു സംഭവ-
കഥയാണ്. ഇത് മനുഷ്യഹൃദയത്തെ സ്പർശിക്കുകയും
ചെയ്യും. ഒരു വലിയ കള്ളന്റെ മകനാണെങ്കിലും സത്യത്തിന്റെ പാതയിൽ മാത്രം
സഞ്ചരിക്കുന്ന കൊച്ചുണ്ണി എന്ന മനുഷ്യനാണ് ഈ കഥയിലെ നായകൻ.
എന്നാൽ വിധിയുടെ തീരുമാനപ്രകാരം അദ്ദേഹത്തിന് ഒരു കള്ളനാകേണ്ടിവന്നു.
എന്നാലും സാധുക്കളെ കൊച്ചുണ്ണി ദ്രോഹിക്കാറില്ല. താഴ്ന്ന ജാതിയിലുള്ളവരെ
ദ്രോഹിക്കുന്ന വലിയ ധനവാന്മാരെ
മാത്രമേ കൊച്ചുണ്ണി കൊള്ളയടിക്കു. മനസ്സിൽമാത്രം കൊണ്ടുനടക്കുന്ന പാവങ്ങൾ
ക്ക് അധരണീയനായ കൊച്ചുണ്ണി കൂട്ടുകാർക്കുവേണ്ടി ജീവൻ കൊടുക്കുമായിരു
**ന്നു. എന്നാൽ കൂട്ടുകാരാൽ ചതിക്കപ്പെട്ട കൊച്ചുണ്ണിക്ക്  തന്റെ തെറ്റുകൾക്കുള്ള ശിക്ഷ
അനുഭവിക്കേണ്ടി വന്നില്ല. അതിനുമുൻപ് അദ്ദേഹം നാടും നാട്ടുകാരെയും വിട്ട്
പരലോകത്തേക്ക് പോയി . 2019-ൽ ഈ കഥ ഒരു സിനിമയായി. ഈ കഥ
വായിക്കുന്നവരുടെ ഹൃദയത്തിൽ നിന്ന് ഒരിക്കലും ഇത് മായില്ല.**



നിർമാണം പൂർത്തിയാകുന്ന പുതിയ സ്കൂൾ കെട്ടിടം

ജെ ആർ സി യൂണിറ്റ് ഉദ്ഘാടനം



# ഹൃദയഭൂമി കലാപഭൂമി



ശ്രീഹരി (അധ്യാപകൻ)

എന്റെ ജീവന്റെ ജീവനാം ജന്മഭൂമി
എത്രയോ ഘട്ടം കടന്നുപോയി
ഒഴുകിയാ പ്രളയമെത്തി
ഭൂമിതൻ മാറു പിളർന്നൊഴുകി

പല പ്രതിസന്ധികൾ തരണംചെയ്തു
ഒടുവിൽ വന്നെത്തിയാ കോടതി വിധി
ശാസ്ത്ര സത്യങ്ങൾ നമുക്കറിയാം

എങ്കിലും വിശ്വാസമെത്ര ശക്തം
പലപലയാളുകൾ കലപിലകൂട്ടുന്നു
ഒടുവിലെൻ ഹൃദയഭൂമി കലാപഭൂമി

മർത്യജന്മം ദൈവസൃഷ്ടിമാത്രം
**എത്രപേർ ചിന്തിച്ചറിഞ്ഞിടുന്നു?**

ഇമോജി

# മഴ




ജോയൽ

ഏഴ് ബി


ഹാ വർഷമേ നീ വരുമ്പോൾ
എൻ മനസ്സിൽ ആനന്ദത്താൽ
കുളിർക്കാറ്റുവീശുന്നു

പൈതങ്ങൾ തൻ വർണക്കുടകളാൽ
മാരിവിൽ ചൂടുന്നു
കർഷകർ തൻ ആഹ്ലാദത്താൽ
നൃത്തം ചെയ്യുന്നു

പക്ഷികൾ തൻ വേവലാതിയാൽ
കൂട്ടിലേക്ക് ചേക്കേറുന്നു

നീ മണ്ണിൽ പതിക്കുമ്പോൾ
പുതുമണ്ണിൻ ഗന്ധം
എൻ നാസികയിലൂടെ
പാറി പറക്കുന്നു

നിൻ വരവിന് സ്വാഗതം ഓതുവാൻ
ദൂരദൂരം തൻ നാദം മുഴക്കുന്നു
കുളിർക്കാറ്റിൽ ചാരിനീയെൻ മുമ്പിലെത്തുമ്പോൾ
വർണ്ണക്കുടലാസുതോണിയുമായി ഞാൻ
നിൻ അരികിൽ നിൽക്കും


@depositphotos

# സംസ്ഥാന കായികമേള പ്രതിഭ



ശരണ്യ ബാബു -ഷട്ടിൽ സൗത്ത് സോണിൽ സംസ്ഥാന തല മത്സരത്തിൽ പങ്കെടുത്തു

കാവ്യ ശ്യാം-ആർച്ചെറി,കരാട്ടെ,ചെസ്സ് എന്നീ വിഭാഗങ്ങളിൽ സംസ്ഥാനതലത്തിൽ പങ്കെടുത്തു





ഗോപിക ഗോപൻ-സംസ്ഥാന കായികമേളയിൽ ഷോട്ട് പുട്ടിൽ പങ്കെടുത്തു



ലിഥിൻ-ക്രിക്കറ്റ് സൗത്ത് സോണിൽ സംസ്ഥാന തലത്തിൽ പങ്കെടുത്തു

# അറിവിന്റെ ചെറുതുള്ളി



ആദിത്യ ആർ

ഒമ്പത് സി

ഒരുമയായ് ഒത്തൊരുമിച്ചൊരു ദീപമായ്

അണയാതെ നിന്നിടാം എന്നുമെന്നും.

ജീവിതം തേടിപാറും പറവപോൽ

ഒരുമിച്ചുനിന്നിടാം ഈനേരവും.



കഠിനമാം തീജ്വാല പോലെ നീ
എന്നിലും

നിറയാത്ത മൗനമാം സ്വർഗഗീതം

തെളിയുന്ന കൈക്കുട്ടത്തിൽ അണയുന്ന
സൂര്യനും

കത്തിജ്വലിക്കുന്ന എൻ ഉഷസ്സും

നേരിന്റെ പാതയിൽ പോകാം നമുക്കിനി

അറിവിന്റെ ചെറുതുള്ളി ചേർത്തു വയ്ക്കാം.

സത്യമറിയാതെ ഊഹിക്കരുത്

മനസ്സിലാക്കാതെ വിധിക്കരുത്.

ഉള്ളറിയാതെ പഴിക്കരുത്.

ചിന്തിക്കാതെ സംസാരിക്കരുത്.

# ടീം ലിറ്റിൽ കൈറ്റ്സ് 2019-20



# കലാലയ വർണ്ണങ്ങൾ





കൊഴിയാൻ ഒരുങ്ങുകയായി
ഇനി ഒരു കലാലയ ജീവിതം കൂടി......
ഒരു നെല്ലിക്ക കഴിക്കുന്ന രസത്തോടെ
കയ്യോടെ ഞാൻ ആസ്വദിച്ച ദിനങ്ങൾ
കൗമാരകാലഘട്ടത്തിൽ എന്നെ പൂവണിയിച്ച
സൗഹൃദങ്ങൾ,സന്തോഷങ്ങൾ,കുസൃതികൾ
ചെറിയ ഇണക്കങ്ങൾ പിണക്കങ്ങൾ
കളിയാടുന്ന എന്റെ ജീവിതത്തിലെ
സുന്ദരമായ നിമിഷങ്ങളും.....
ഉണരുന്ന ഓർമ്മകളിലെങ്ങോ
ഓടിക്കളിക്കുന്ന ഒരു കുഞ്ഞുവിദ്യാലയം
നടന്നു നീങ്ങിയ ഇടനാഴികളിലും
മുദ്രാവാക്യം വിളിച്ച സമരങ്ങളും
ചെറിയ പിറന്നാൾ ആശംസകളും
പഠിക്കാത്ത പരീക്ഷകളും
ഉറക്കം തൂങ്ങിനിന്ന ക്ലാസ്സ്മുറികളും
ഒന്നിച്ചുള്ള വൈകുന്നേരങ്ങളും
ഒന്നിച്ചാഘോഷിച്ച സ്കൂൾപരിപാടികളും
വെറും ഒരോർമ്മ മാത്രമാകാൻ
ഇനി ദിവസങ്ങൾ മാത്രം ബാക്കി.....

# അമ്മ



രശ്മി വിനോദ് (അധ്യാപിക)

റെയിൽവേ  സ്റ്റേഷൻ പതിവുപോലെ തിരക്കോട്  തിരക്ക് തന്നെ .എന്നും ഇങ്ങനെ തന്നെ!ആദ്യമൊക്കെ വിചാരിച്ചു വെള്ളിയാഴ്ചകളിലും ഞായറാഴ്ചകളിലുമാണ് ഈ തിരക്കെന്ന്.പക്ഷെ എന്നും ഇങ്ങനെ തന്നെ.അറിയാതെ മനസ്സിൽ ചിന്തിച്ചു.എന്താണ് ഇങ്ങനെ,എല്ലാ ദിവസവും ഇത്രയും ആളുകൾ....ഇതെങ്ങോട്ടാണ്.എന്നും തിരക്കോട് തിരക്ക് തന്നെ.പിന്നെയാണ് ഞാനത് ശ്രദ്ധിച്ചത്;ഞാനും കൂടി ആ തിരക്കിന് കാരണക്കാരി അല്ലേ!ഞാനുമില്ലേ ഈ യാത്രക്ക്.എല്ലാവർക്കും കാണും അവരവരുടേതായ ആവശ്യങ്ങൾ.ഞാനെന്തൊരു



ബുദ്ദൂസാണ്.സ്റ്റേഷനിൽ ഇരിക്കാൻ എങ്ങും ഒരിഞ്ച് സ്ഥലമില്ല.വെറുതെ ഫോൺ കുത്തി കുത്തി നിൽക്കുകയാണ്.രണ്ടു ദിശയിൽ നിന്നും ട്രെയിനുകൾ വരാനുണ്ട്.അതാണ് ഇത്രയും ജനങ്ങൾ.നമ്മുടെ റെയിൽവേ അല്ലേ.ട്രെയിൻ ലേറ്റാണ്.അനൗൺസ്മെന്റ് മുഴങ്ങി കേട്ടുകൊണ്ടിരിക്കുന്നു.യാത്രക്കാർക്ക് നേരിട്ട അസൗകര്യത്തിൽ ഖേദം പ്രകടിപ്പിക്കുന്നു.ഇപ്പോഴിത് സ്ഥിരം! കേട്ടുകേട്ട് എന്തോ ഒരു നിർവികാരത മാത്രം,ഞാൻ ചുറ്റുമൊന്നു കണ്ണോടിച്ചു.എല്ലാവരുടെയും മുഖത്ത് ആ ഒരു നിർവികാരഭാവം മാത്രം.സമയം കുറെ കഴിഞ്ഞു .ട്രെയിൻ വരാറായി..അനൗൺസ്മെന്റ്

കേട്ടതോടെ എല്ലാവരും ഇരിപ്പിടങ്ങളിൽ നിന്നും എഴുന്നേറ്റു ഓരോ കോച്ച് പൊസിഷനിലേക്കു നീങ്ങുകയാണ്.പെട്ടെന്നാണ് അത് ശ്രദ്ധയിൽ പെട്ടത്.ഒരു അമ്മയാടും മൂന്ന് കുഞ്ഞാടുകളും റയിൽട്രാക്കിൽ.ട്രാക്ക് മുറിച്ചു മറുവശം കടക്കാനാണ്.അത് കണ്ടപ്പോഴേ ഉള്ളൊന്നു കാളി.അവർക്കെങ്ങനെ ഉയരത്തിലുള്ള പ്ലാറ്റ്ഫോമിൽ ചാടിക്കേറാൻ പറ്റും.

എല്ലാവരുടെയും കണ്ണുകൾ ആടുകളിൽ തന്നെയെന്ന് തോന്നി.അമ്മയാട് ചാടി വേഗം തന്നെ പ്ലാറ്റ്ഫോമിൽ കയറി.പക്ഷെ കുഞ്ഞാടുകൾക്കു അത് പറ്റുന്നില്ല.അവ ശ്രമിക്കുന്നുണ്ട്.പക്ഷെ അവക്ക് കഴിയുന്നില്ല.അമ്മയാടു വേഗം തന്നെ തിരിച്ചു ചാടി ട്രാക്കിലിറങ്ങി.എന്നിട്ടു എങ്ങനെ ചാടി കേറാം എന്ന് ഒന്നുകൂടി കാണിച്ചു കൊടുക്കുന്നു.ഒരു കുഞ്ഞാട് ചാടി കടക്കാൻ നല്ലപോലെ ശ്രമിക്കുന്നുണ്ട്.അവൻ വിജയം കണ്ടു.വീണ്ടും 'അമ്മ ട്രാക്കിലിറങ്ങി മാറ്റുള്ളവർക്കു ഒന്നുകൂടി ചാടി കടക്കാൻ കാണിച്ചു കൊടുക്കുന്നു.അവർ ശ്രമിക്കുന്നുണ്ട്.പക്ഷെ കഴിയുന്നില്ല .ഞാൻ ചുറ്റും ഒന്ന് നോക്കി.എല്ലാവരും ഇത് നോക്കി നിൽക്കുകയാണ്.എന്നാൽ ആരുമൊന്നും ചെയ്യുന്നില്ല.ട്രെയിനിന്റെ കൂവൽ ശബ്ദം നെഞ്ചിലൊരിടിത്തി പോലെ എന്നിലേക്കെത്തി .ആരെങ്കിലും .......? അപ്പോഴും ആ അമ്മയാട്,മക്കളെ കയറ്റാനുള്ള ശ്രമത്തിലാണ്.ഇറങ്ങി ചെന്ന് അതിനെ പിടിച്ചു മുകളിലോട്ടു വലിച്ചു കയറ്റിയാലോ? പെട്ടെന്നാണ് എന്നെ ഞെട്ടിച്ചു കൊണ്ട് ആ രണ്ടുപേരും

പ്ലററ്ഫോമിലേക്കു ചാടി കയറിയത്.അതാ ട്രെയിൻ......അമ്മയാട്വേഗം തന്നെ ചാടിമുകളിൽ കയറി.ആ അമ്മയാടിന്റെ കണ്ണിൽ എന്തോ ഒരു തിളക്കം.മക്കൾക്ക് അതിന്റെ ഇരട്ടി സ്നേഹം .അവ അമ്മയെ നക്കി തോർത്തുന്നു.അമ്മയാട് തല വച്ച് അവയെ തഴുകുന്നു.അഞ്ചു നിമിഷനേരത്തേക്കു ആ അമ്മയാട് എത്രമാത്രം വിഷമിച്ചു എന്ന് ആ സ്നേഹപ്രകടനത്തിൽ കാണാം.വണ്ടി എടുത്തു.ഞാൻ ഒന്നുകൂടി ആ അമ്മയെയും മക്കളെയും നോക്കി.അത് എന്നോട് ചോദിക്കുന്നതായി തോന്നി."ഹേ മനുഷ്യരെ.....!നിങ്ങൾ എന്താൾ ക്കാരാണ്?എന്തായാലും മൂന്ന് ജീവനല്ലേ നിങ്ങടെ മുൻപിൽപിടഞ്ഞത്..എല്ലാവരും വെറും കാഴ്ചക്കാരായി നോക്കി നിന്നതല്ലേ ഉള്ളൂ.ഇതാണോ നിങ്ങൾ?.വെറും ജീവച്ഛവങ്ങളായി നോക്കി നിൽക്കാനും മറ്റുള്ളവർക്കു  മുന്നിൽ വീമ്പു പറയാനും ദുരഭിമാനത്തിന്റെ പേരിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാനും മാത്രമേ നിന്നെ കൊണ്ട് കഴിയൂ"ഞാൻ പെട്ടെന്ന്  എന്റെ തല ട്രെയിനിലേക്ക് വലിച്ചു.സത്യമല്ലേ,ഞാൻ കൂടി ഉൾപ്പെടുന്ന പൊതുസമൂഹം കാഴ്ചക്കാരായി മാത്രം മാറുന്ന ഒരവസ്ഥ.എന്നാണ് നമ്മൾ ഉടനടി പ്രശ്നപരിഹരണം നടത്തുന്നത് ,വെറും കാഴ്ചക്കാരാവാതെ ......



# മരണവും മരണതുല്യമായ ജീവിതവും



അമൃത എസ് സതീഷ്

മരണം ഒരു ചെറുമീനല്ല........
നീലതിമിംഗലമാണ് അതിന്റെ വായിലേക്ക് ഞാനില്ല. അവൾ കുട്ട തലയിലേറ്റി നടന്നു.ഒരു പാവപ്പെട്ട വീട്ടിൽ ജനിച്ച അവൾ സ്വന്തം കുടുബത്തിന് വേണ്ടി കഷ്ടപ്പെടുകയാണ്. അവൾ ജനിച്ചപ്പോൾ മുതൽ അച്ഛൻ കുടുംബത്തിന് വേണ്ടി ഒന്നും തന്നെ ചെയ്യാതെ കള്ളും കുടിച്ച് നടക്കുകയാണ്.
അമ്മ കഷ്ടപ്പെട്ടു കൊണ്ടുവരുന്ന പൈസ പോലും അച്ഛൻ കുടിക്കാൻ എടുക്കും.കൊണ്ടവരുന്ന പൈസയിൽ നിന്ന് പലതിനും മിച്ചം പിടിച്ചാണ് അമ്മ അവളെ പഠിപ്പിച്ചത് .അവൾ നല്ലവണ്ണം പഠിച്ചു. ക്ലാസിലെ തന്നെ ഏറ്റവും മികച്ച കുട്ടിയായിരുന്നു അവൾ. അവൾക്കൊരു അനുജത്തി ഉണ്ടായിരുന്നു.
അവളും പഠിക്കാൻ മിടുക്കിയായിരുന്നു.

പക്ഷേ നിർഭാഗ്യം എന്ന് പറയേണ്ടേ.
അമ്മയ്ക്ക് ചെറിയ ഒരു അപകടം പറ്റി.ആ അപകടം അമ്മയെ വല്ലാതെ ബാധിച്ചു. അമ്മയ്ക്ക് അരയ്ക്ക് കീഴ്പ്പോട്ട് തളർച്ച ബാധിച്ചു. ഒറ്റമുറിയുള്ള വീട്ടിലെ ഒടിഞ്ഞു- വീഴാറായ ചിതലരിച്ച കട്ടിലിൽ തേയ്ക്കാത്ത

ഭിത്തിയോട് ചേർന്ന് കിടക്കുകയാണ് അമ്മ.ആ അപകടത്തിൽ
അവളുടെ കുഞ്ഞനുജത്തിയെ നഷ്ട്പ്പെട്ടു
ആ സങ്കടം ഉള്ളിലൊതുക്കി അവൾ അങ്ങനെ ഇരുന്നു.
അവൾക്ക് 7-ാം ക്ലാസ്സിൽ പഠിപ്പ് നിർത്തേണ്ടിവന്നു.
അമ്മയുടെ അസുഖം ചികിത്സിച്ച ഭേദമാക്കാൻ കഴിയും
എന്നാൽ അതിന് ഒരുപാട് പണം വേണ്ടിവരും.
അത് അവരുടെ കൈയ്യിൽ ഇല്ല. അതുകൊണ്ട് ആ പൈസയ്ക്ക് വേണ്ടി
കഷ്ട്പ്പെടുകയാണ് അവൾ.കുറച്ച് നാളുകൾക്ക് മുൻപ് അവളുടെ അച്ഛനെ
അവൾക്ക് നഷ്ട്പ്പെട്ടു. കുടിച്ച് ബോധം ഇല്ലാതെ വഴിയിൽ വീണുതിടന്ന്
വളരെ ദയനീയമായിരുന്നു അച്ഛന്റെ മരണം.അത് അവൾക്ക്
സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.തനിക്ക് ഓരോരുത്തരെയായി
നഷ്ടപ്പെടുകയാണെന്ന ചിന്ത അവളുടെ മനസ്സിനെ വല്ലാതെ അലട്ടി.ഇനി
അടുത്തത് അമ്മയാവുമോ.
അവൾക്ക് അത് ചിന്തിക്കാൻ പോലും കഴിഞ്ഞില്ല.
അവൾ രാവും പകലും ഇല്ലാതെ കഷ്ട്പ്പെട്ട് പൈസയുണ്ടാക്കി
കൊണ്ടേയിരുന്നു. എന്നാൽ ഒരു ദിവസം ജോലി കഴിഞ്ഞ് വന്നപ്പോൾ
അവൾക്ക് അവളുടെ കണ്ണുകളോട് വെറുപ്പ് തോന്നി .അത്രയ്ക്ക്
ദയനിയമായിരുന്നു ആ കാഴ്ച.അമ്മ വെള്ളം എടുക്കാൻ വേണ്ടി
ശ്രമിച്ചതാണ് എന്ന് തോന്നുന്നു. കട്ടിൽ ഒടിഞ്ഞ് നിലം പതിച്ചു.
ആകെയുണ്ടായിരുന്ന മൺപാത്രം ന
ശിച്ചു അതിലേറെ അവൾക്ക് പറ്റിയ നഷ്ടം തലയിൽ നിന്ന് രക്തം വാർ
ന്ന് ഒഴുകി രക്തത്തിൽ കുളിച്ചു കിടക്കുന്ന ആ അമ്മയെ കാണേണ്ടി

വന്നത് തന്നെയാണ്.ജീവിതത്തിൽ താൻ തോറ്റു എന്ന ചിന്ത അവളുടെ മനസ്സിൽകടന്നുകൂടി.

തനിക്ക് എല്ലാവരെയും നഷ്ടപ്പെട്ടു."ഇനി എനിക്ക് ആരുമില്ല.എന്തിനാ....ദൈവമെ എന്നെ ഇങ്ങനെ ദ്രോഹിക്കുന്നത് "എന്നവൾ അലറിവിളിച്ചു.എന്നാൽ അല്പസമയത്തിന് ശേഷം  അവൾ ഒരു തീരുമാനം എടുത്തു.

എല്ലാവരും മരണത്തിനു മുന്നിൽ കീഴടങ്ങി എന്നാൽ മരണത്തിനു മുന്നിൽ കീഴടങ്ങാൻ ഞാൻ ഇല്ല . അവൾ ആ നാടുവിട്ടു. മറ്റൊരു നാട്ടിൽ ജോലികിട്ടി അവിടെ അവൾ ഒരു വീട് ശരിപ്പെടുത്തി അവിടെ താമസമാക്കി.ഒരു തോട്ടത്തിൽ നിന്ന് പച്ചകറികൾ ചുമന്ന് അകലെയുള്ള ഒരു ചന്തയിൽ കൊണ്ടുപോയി വിൽക്കണം അതാണ് ജോലി.അവൾ അത് ഭംഗിയായി നിർവഹിച്ചു പക്ഷേ എന്നാലും അവളുടെ കാതിൽ ഈ വാക്കുകൾ വീണ്ടും വീണ്ടും പ്രതിധ്വനിച്ചു.

മരണം ഒരു ചെറു മീനല്ല നീലത്തിമിംഗലമാണ് അതിന്റെ വായിലേക്ക് ഞാൻ ഇല്ല.അവൾ ഒരു ചെറുചിരിയുമായി കുട്ടതലയിലേറ്റി നടന്നകന്നു.



# എന്റെ ഓർമ്മയിലെ ഓണം



ഈറനണിഞ്ഞു നാം കൂട്ടരുമൊന്നിച്ച
പൂക്കൾക്ക് ചുറ്റും നിരന്ന കാലം
പൂക്കളം തീർക്കാനായി പൂവിനെ നോവിച്ച

വണ്ടുമായി ഒത്തുകളിച്ച നേരം
അമ്മതൻ ശാസന കേട്ടു ഞാൻ അന്നേരം
പിണങ്ങി പോയി കരഞ്ഞിരുന്നു
ഉപ്പേരി കാച്ചിയ നേരം ഞാൻ
അമ്മക്കരികിൽ പാഞ്ഞു ചെന്നു
"പോയി കളിക്കൂ എൻ
മകളെ....,"എന്നമ്മതൻ
വാക്കുകൾ,യാത്രയിൽ ഇന്നും ഞാൻ
ഓർത്തെടുപ്പു
ളുശനിലയിൽ തീർത്തൊരു സദ്യയിൽ
പച്ചടി,കിച്ചടി,നിരന്നിരുന്നു
കറികൾ നിരത്താനായി ഉത്സാഹത്തോടെ
ഞാൻ വന്നു ചേർന്നു.
സാദ്യ കഴിഞ്ഞപ്പോൾ,മയക്കത്തിൽ
ഏർപ്പെടാൻ പോയ നേരം
ഊഞ്ഞാലിലാടി കളിയാടാൻ നേരമായി
എന്ന് തോന്നി ഞാൻ അടുത്തു.
ഊഞ്ഞാലുകെട്ടാൻ വാശിപിടിച്ചപ്പോൾ
വിസമ്മതിച്ചില്ല കൂട്ടുകാരും

വൈഷ്ണവി ആർ ജെ
ഒമ്പത് ഡി



# ഇമോജി

ആടി കുഴഞ്ഞപ്പോൾ ഓണപ്പാട്ടിലങ്ങു
ഞാനേർപ്പെട്ടുപോയി.
ഇന്നും ഞാൻ സന്തോഷം പങ്കിടുന്നു
ഭാവിചിന്തകൾ പുലർത്താനായി .
കേരം തിങ്ങും കേരളനാട്ടിലെ
സംസ്കാരത്തിനെന്തൊരു ഉത്സാഹമാ ....
പ്രളയക്കെടുതിയിൽ മുങ്ങിയൊരു
കേരളം സംസ്കാരം കേഴുന്നു...
കേഴുന്നു...തമ്പുരാനേ
മാവേലിമന്നൻ തൻ ആശകൾ പോലും
മർത്ത്യനു മുന്നിൽ തല കുനിച്ചു .
മാതൃസ്നേഹത്തിൻ ലാളന പോലും
തല  കുനിച്ചു ഇന്നിവിടെ ...
ഭഗവാനെ,നിന്റെ കാൽക്കൽവീണു
നാം കേരളസംസ്കാരം പുനർജനിപ്പാൻ....



# മലയാളി വനിതകളിൽ ആദ്യം



സനൂജ എസ്
ഒമ്പത് ഡി

അർജ്ജുന അവാർഡ്-കെ സി ഏലമ്മ

രാജീവ് ഗാന്ധി ഖേൽരത്ന-കെ എം ബീനമോൾ

ഇന്ത്യൻ ഒളിമ്പിക് ടീമിനെ നയിച്ചത്-ഷൈനിവിൽസൺ

ഒളിമ്പിക് ഫൈനലിൽ പങ്കെടുത്തത്-പി ടി ഉഷ

കേന്ദ്ര സാഹിത്യ അക്കാദമി ഫെലോഷിപ്പ്-ബാലാമണി അമ്മ

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ്-കെ കെ ഉഷ

ഹൈക്കോടതി ജസ്റ്റിസ്-അന്നാ ചാണ്ടി

ജെ സി ഡാനിയേൽ പുരസ്കാരം-ആറൻമുള പൊന്നമ്മ

പത്മഭൂഷൻ-ലക്ഷ്മിനന്ദ മേനോൻ

ആദ്യ മന്ത്രി-കെ ആർ ഗൗരിയമ്മ

കേരളത്തിൽ നിന്നുള്ള ഗവർണർ-ഫാത്തിമാ ബീവി(തമിഴ്നാട്)

സരസ്വതി സമ്മാൻ-ബാലാമണിയമ്മ

നിയമസഭയിലെ പ്രോട്ടം സിപീക്കർ-റോസമ്മ പുന്നൂസ്

ആദ്യ വൈസ് ചാൻസിലർ-ഡോ ജാൻസി ജയിംസ്

ലോക് സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്-ആനി മസ്കിറീൻ

കേരളത്തിലെ ഡെപ്യൂട്ടി സ്പീക്കർ-കെ ഒ അയിഷ ഭായി

ഏഷ്യൻ ഗെയിംസിൽ സ്വർണ്ണം നേടിയത്-എം ഡി വൽസമ്മ

കേരള വനിതാകമ്മീഷന്റെ ആദ്യ അധ്യക്ഷ-സുഗതകുമാരി

# കരിമണലിന്റെ നാട്ടിൽ





രശ്മി
ഒൻപത് ബി

ചവറ...കൊല്ലത്തിൻറെ വ്യാവസായിക നഗരം...ഒരു വശത്തെ വശ്യമായ പ്രകൃതി ഭംഗിയും മറുവശത്തെ പാരമ്പര്യ പ്രൗഢിയും ചേരുന്ന നാട്.ഒരു ചരിത്ര നഗരമാണ് ചവറ. കൊല്ലത്തിന്റെ ഇന്നലകളെ കൃത്യമായി അടയാളപ്പെടുത്തി സൂക്ഷിക്കുന്ന നാട്. വ്യവസായ മേഖലയിലും വിളങ്ങി നിൽക്കുന്ന ഇവിടം കൊല്ലത്തിന്റെ ഭംഗി തേടിയെത്തുന്ന സഞ്ചാരികളുടെ പ്രിയ ഇടമാണ്. കരിമണ്ണിന്റെ നാടായി അറിയപ്പെടുമ്പോഴും അഷ്ടമുടിയുടെ ഭംഗി തന്നെയാണ് ചവറയെ വ്യത്യസ്തമാക്കുന്നത്.ഒരു കാലത്ത് ശിവപുരം എന്നായിരുന്നുവത്രെ ഇവിടം അറിയപ്പെട്ടിരുന്നത്. പിന്നീട് ചൈനക്കാരുടെയും അവരുടെ വ്യവസായത്തിന്റെയും വരവോടെയാണ് ഇവിടം ചവറ എന്നപേരിൽ അറിയപ്പെട്ടു തുടങ്ങിയത്. അവരുടെ വരവിൻറെ അടയാളങ്ങളായ ചീനച്ചട്ടിയും ചീനവലയും ചീനവലയും ഒക്കെ ഇവിടെ വിവിധ ഭാഗങ്ങളിൽ കാണാം. കരിമണലിന്റെ നാട്

കൂടിയാണ് ചവറ. ചവറയിലെ പല കാഴ്ചകളിലൊന്നാണ് കോവിൽത്തോട്ടം തുറമുഖം. ഒരുപാടാളുകൾ വൈകുന്നേരങ്ങൾ ചിലവഴിക്കുവാൻ ഇവിടെ എത്തിച്ചേരുന്നു. ലൈറ്റ് ഹൗസ്, ബീച്ച്എന്നിവയാണ് ഇവിടുത്തെ പ്രധാന ആകർഷണങ്ങൾ. ഇവിടെ തന്നെയാണ് പ്രസിദ്ധമായ ആൻഡ്രൂസ് പള്ളിയും സ്ഥിതി ചെയ്യുന്നത്.



# സ്കൂൾ കലോൽസവ നിമിഷങ്ങൾ.....











## ഇമോജി





## ശാസ്ത്ര മികവുമായി കുട്ടികൾ ശാസ്ത്രമേളയിൽ







## PCRA നടത്തിയ ചിത്രരചനാമത്സരം

# സംസ്ഥാന കലോൽസവത്തിലെ പ്രതിഭകൾ



## അനശ്വര പി അനിൽ

കാഞ്ഞങ്ങാട് വച്ച് നടന്ന സംസ്ഥാന കലോൽസവത്തിൽ എച് എസ് വിഭാഗം കുച്ചുപ്പുടിയിൽ A ഗ്രേഡ് നേടി



## മീര ജെ ആർ

സംസ്ഥാന  സ്കൂൾ കലോൽസവത്തിൽ എച് എസ് വിഭാഗം മലയാളം ഉപന്യാസം A ഗ്രേഡ്



## ശബരി i

സംസ്ഥാന കലോൽസവത്തിൽ എച് എസ് വിഭാഗം നാദസ്വരത്തിൽ A ഗ്രേഡ്

# പൊതിച്ചോറ്

## പുസ്തകാസ്വാദനം




സ്നേഹ എസ്
ഏഴ് ബി

കാരൂർ നീലകണ്ഠപിള്ള എഴുതിയ പൊതിച്ചോറ് എന്ന കഥയാണ് ഞാൻ വായിച്ചത്.ഈ കഥയിൽ അപ്പു എന്ന കുട്ടി തന്റെ പൊതിച്ചോറ് കാണാതായ വിഷമമാണ് എഴുത്തുകാരൻ പ്രകടിപ്പിക്കുന്നത്.ഹൃദയസ്പർശിയായ ഒരു കഥയാണ് "പൊതിച്ചോറ്".നിത്യ ജീവിതത്തിൽ ഏതൊരു സ്കൂളിലും നടക്കാവുന്ന ഒരു സംഭവമായിട്ടാണ് എഴുത്തുകാരൻ ഈ പൊതിച്ചോറ് എന്ന കഥയിലൂടെ നമുക്ക് മനസിലാക്കി തരുന്നത്.ലളിതമായ ഭാഷാരീതിയാണ് ഈ കഥയെ വേറിട്ടതാക്കുന്നത്.

ഒരു ദിവസം സ്കൂളിൽ ഉച്ച സമയത്തെ മണി അടിച്ചു.എല്ലാവരും ഭക്ഷണം കഴിക്കാൻ പോയി.ആ സമയം അപ്പു കഴിക്കാൻ വേണ്ടി ജനലരികിലേക്കു പോയപ്പോൾ പൊതിച്ചോറ് കാണാനില്ല എന്ന് പറഞ്ഞു കരയുന്നു.ഈ വിഷയം സ്കൂൾ മുഴുവൻ അറിഞ്ഞു. പ്രിൻസിപ്പളിന്റെ അടുത്ത് എത്തി.എല്ലാ കുട്ടികളുടെയും ചർച്ചാവിഷയം "അപ്പുവിന്റെ പൊതിച്ചോറ് എവിടെ "എന്നതായി.എല്ലാവരും അപ്പുവിനെ

സമാധാനിപ്പിക്കാൻ നോക്കി.പക്ഷെ ആ ശ്രമം പാളി പോകുകയും ചെയ്തു.അങ്ങനെ പ്രിൻസിപ്പൾ അപ്പുവിനോട് വീട്ടിൽ പോകുവാൻ പറഞ്ഞു.പക്ഷേ അപ്പു വീട്ടിൽ പോകാൻ തയ്യാറായില്ല.വളരെ വിഷമിതനായി അപ്പു ബെഞ്ചിൽ ഇരിക്കുന്നു.




ഓരോ കുട്ടിയും അപ്പുവിന്റെ എങ്ങനെ പൊതിച്ചോറ് എങ്ങനെ കാണാതെ പോയെന്നു ചോദിച്ചു .അപ്പു ഇവരുടെ ചോദ്യങ്ങൾക്ക് ഉത്തരവും നൽകാതെ വിഷമിതനായി ഇരിക്കുകയായിരുന്നു.ഈ സമയം ഓഫീസിൽ പ്രിൻസിപ്പൾ പല മാഷുമാരെയും ചോദ്യം ചെയ്തെങ്കിലും ആരും എടുത്തിട്ടില്ല എന്ന് പറഞ്ഞു.ആ രാത്രി വീട്ടിൽ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുകയായിരുന്ന പ്രിൻസിപ്പളിന് ആരോ കത്ത് കൊണ്ട് നൽകുന്നു. സർ ആ കത്ത് വായിച്ചു.തന്റെ വിദ്യാലയത്തിലെ ഒരു മാഷാണ് പൊതിച്ചോറ് എടുത്തത്.മാഷ് താൻ ചെയ്ത കുറ്റം നിസ്സഹായതയോടെ കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.ആ കത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് രാവിലെ ഒന്നും കഴിക്കാതെ തന്റെ വിശപ്പകറ്റാനാണ് പൊതിച്ചോറ് മോഷ്ടിച്ചതെന്നു.തന്നോട് പ്രിൻസിപ്പൽ ക്ഷമ്ക്കണമെന്ന് മാഷ് എഴുതിയിരിക്കുന്നു. ഈ കഥ പണ്ടത്തെ ദാരിദ്ര്യത്തെ സൂചിപ്പിക്കുന്നു.നല്ല ഭാഷാരീതിയും ആശയഭംഗിയും ഉള്ള കഥയാണിത്.

# ചേതന



മായാദേവി
ഓഫീസ് അസിസ്റ്റന്റ്

വൃശ്ചികക്കുളിരിന്റെ നിദ്രയിലാണ്ടിട്ടും
എന്റെ നെറുകയിൽ സൂര്യൻ ജ്വലിക്കുന്നു
ഒന്നുമറിയാത്തൊരെൻകിടാങ്ങൾ
എന്റെ മടിയിൽ തലചായ്ച്ചുറക്കമായ്
എന്നെ തനിച്ചാക്കി അവർ പോയിരിക്കുന്നു
നീതിപീഠത്തിന് മുന്നിൽ തല കുനിച്ചും
അപരാതിയെപ്പോലെ ഇടറി നിന്ന്
പരമമായ സത്യത്തെ ഉൾക്കൊണ്ടിട്ടും
എന്നെ തനിച്ചാക്കി എങ്ങു പോയി
എറിഞ്ഞു തീര്ന്നോളവും പൊട്ടിത്തെറിച്ചോളാം
ഭൂമി ദേവിയും എൻ അമ്മയല്ലേ
ത്രേതായുഗത്തിൽ സീതയേ നെഞ്ചോടു
എന്നെയും ഒന്നിറുകെ പുനര്ക്ക്
നിർജീവ കഷ്ണങ്ങൾ ചേർത്ത് വച്ച്
മയന്റെ കൊട്ടാരം പൂർത്തിയാക്കി
രക്തനാഡിഞരമ്പുകൾ നിർമിച്ച
ജീവശ്ശുട്ടൊരു ചേതനയാക്കി നീ......

വിദ്യാരംഗം സംസ്ഥാന ക്യാമ്പിലേക്ക്
തിരഞ്ഞെടുക്കപ്പെട്ട
അഭിനവ് ജെ



## ഓഗസ്റ്റ് 1 5-സ്വാതന്ത്ര്യ ദിനാഘോഷം







സൂര്യഗ്രഹണ നിരീക്ഷണം

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ......



